(ബി) സാധാരണഗതിയിൽ ഇരുന്നൂറോളം വാഹനങ്ങൾ കമ്പനിക്കകത്തുതന്നെ പാർക്ക് ചെയ്യാനുള്ള സൗകര്യം നിലവിലുണ്ട്. നിർമ്മാണം പൂർത്തിയാകുന്ന വാഹനങ്ങൾ അപ്പപ്പോൾതന്നെ കയറ്റി വിൽപ്പന കേന്ദ്രത്തിലേയ്ക്ക് അയക്കുകയാണ് പതിവ്. ആയതിനാൽ വാഹനങ്ങൾ തുരുമ്പിടിച്ച് നശിച്ചുപോകുവാനുള്ള സാഹചര്യം നിലവിലില്ല.

(സി, ഡി) 'ബി' വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കയറ്റി അയയ്ക്കുന്ന വാഹനങ്ങൾ

11 [4867] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ആട്ടോമൊബൈൽ ലിമിറ്റഡ് ബംഗ്ലാദേശിലേക്ക് 15000 ത്രി ചക്രവാഹനങ്ങളുടെ കയറ്റുമതിക്ക് 2002 സെപ്തംബർ മാസത്തിൽ എം. ഒ. യു. ഒപ്പിട്ടിരുന്നുവോ; അതിൽ എത്ര വണ്ടികൾ കയറ്റി അയച്ചു; ധാരണാപത്രത്തിൽ ഒപ്പിട്ടിരുന്നതുപോലെ മുഴുവൻ വാഹനങ്ങളും കയറ്റി അയയ്ക്കാൻ കഴിയാതിരുന്നതിന്റെ കാരണം എന്താണ്;

(ബി) ബംഗ്ലാദേശിലേയ്ക്ക് വാഹനം കയറ്റി അയച്ചത് കമ്പനിക്കു ലാഭ മാണോ; എങ്കിൽ എത്ര കോടി രൂപയുടെ ലാഭമുണ്ടായി; വിശദവിവരം ലഭ്യ മാക്കുമോ;

(സി) കെ. എ. എൽ. ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് വാഹനം കയറ്റി അയയ്ക്കുന്നതെന്നും മൊത്തം വിൽപ്പനയിൽ പുരോഗതി ഉണ്ടോ എന്നും വെളിപ്പെടുത്തുമോ;

(ഡി) മാർക്കറ്റ് ഷെയറിലും മൊത്തം വിൽപ്പനയിലും പുരോഗതി ഉണ്ടായി ട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം. ഒ. യു. ഒപ്പിട്ടിരുന്നു. ബംഗ്ലാദേശിലേക്ക് ഇതുവരേയും വാഹന നങ്ങൾ കയറ്റുമതി ചെയ്തിട്ടില്ല. പ്രസ്തുത എം. ഒ. യു. പ്രകാരം ഹോർസ്ട്രോക്ക് ഡീസൽ വാഹനങ്ങളാണ് കയറ്റി അയക്കേണ്ടിയിരുന്നത്. എന്നാൽ ബംഗ്ലാദേശിൽ ഇപ്പോൾ ഹോർസ്ട്രോക്ക് പെട്രോൾ വാഹനങ്ങൾക്കു മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുന്നുള്ളൂ. ആയതിനാൽ ഇതിന് അനുയോ ജ്യമായ ഹോർസ്ട്രോക്ക് പെട്രോൾ എൻജിൻ കമ്പനി ഇപ്പോൾ ഡവലപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) പഞ്ചാബ്, ഡൽഹി, രാജസ്ഥാൻ, ഹരിയാന, യു.പി., ഉത്തരാഞ്ചൽ, ചാണ്ടിഗർ, ഗുജറാത്ത്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്ക് കെ. എ. എൽ.-ന്റെ ത്രിചക്രവാഹനങ്ങൾ ഇപ്പോൾ കയറ്റി അയക്കുന്നുണ്ട്. മൊത്തം വിൽപ്പനയിൽ പുരോഗതി ഉണ്ട്. 2000-2001-നേക്കാൾ 2001-2002-ൽ 18% വിൽപ്പനയിൽ വർദ്ധനവും 2002-2003-ൽ 20.5% വിൽപ്പനയിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട്. മാർക്കറ്റ് ഷെയറിൽ കാര്യമായ വ്യത്യാസം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly